**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6756** **11-11-2021 - ൽ മറുപടിയ്ക്ക്**

**പശു, ആട് എന്നിവ വളർത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശു, ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) | മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ 1. ഗോവർദ്ധിനി കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനോടൊപ്പം ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു. 2021-22 ൽ ഇതിനായി 4000 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. 2. പ്രത്യേക കന്നുകാലി വികസന പദ്ധതി പ്രത്യേക കന്നുകാലി വികസന പദ്ധതിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടു വരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2021-22 ൽ ഇതിനായി 1000 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. 3. ഗോസമൃദ്ധി ഇൻഷുറൻസ് പദ്ധതി ടി പദ്ധതി വഴി ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പ് വരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉത്പാദനത്തിനുള്ള കുറവ് മൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2021-22 ൽ 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 4. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2021-22 ൽ പദ്ധതിക്കായി 980 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. 5. |

| | | | |
|---|---|---|---|
| | | | കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 25,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 ൽ 200 കർഷകർക്കായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 6. മൃഗസംരക്ഷണ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിയാണ്. 2021-22 ൽ ഇതിനായി 125 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ 2500 കർഷകർക്ക് 5000 രൂപ വീതം സഹായം ലഭിക്കും. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ 1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി - തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 800 യൂണിറ്റുകൾ 2021-22 ൽ സ്ഥാപിക്കും. ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായം. ആകെ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2. വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി - ആട്ടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി ) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2021-22 ൽ 250 യൂണിറ്റിന് 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി - RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതിയിൽ 565 യൂണിറ്റുകൾക്ക് 25000/- രൂപ വീതം 1,41,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. 4. നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി - നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആട്ടു വളർത്തൽ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 396 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം ആകെ 666 യൂണിറ്റുകൾ സ്ഥാപിക്കും. ഗുണഭോക്താക്കൾക്ക് 10 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ